# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4446   22/07/2015-ൽ മറുപടിയ്ക്ക്**

## കുട്ടനാട് പാക്കേജ്

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
|---|---|---|---|
| (എ) | കുട്ടനാട് പാക്കേജിൽപ്പെടുത്തി ഫിഷറീസ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**അഡാക്ക് മുഖേന നടപ്പാക്കുന്ന പദ്ധതികൾ**<br>13-ാം ധനകാര്യകമ്മീഷൻ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി, പൊതു ജലാശയങ്ങളിലെ വലവളപ്പുകളിലെ മത്സ്യകൃഷി പദ്ധതി, കൂടുകളിലെ മത്സ്യകൃഷി പദ്ധതി, കരിമീൻ വിത്തുൽപ്പാദന യൂണിറ്റുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ അഡാക്ക് ആലപ്പുഴ റീജിയണൽ ഓഫീസ് വഴി നടപ്പിലാക്കി വരുന്നു. കൂടാതെ റാണി ചിത്തിര, സമീപപ്രദേശങ്ങളിലെ കായലുകൾ എന്നിവിടങ്ങളിൽ നടത്തിയ റാഞ്ചിംഗിൽ 17 സൈറ്റുകളിലായി 47,00,000 കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. അഡാക്കിന്റെ നിയന്ത്രണത്തിലുള്ള കൊല്ലം ജില്ലയിലെ ആയിരംതെങ്ങ് ഗവ. ഫിഷ് ഫാമിന്റെ നവീകരണവും കരിമീൻ വിത്തുല്പാദനകേന്ദ്രത്തിന്റെ നിർമ്മാണവും കുട്ടനാട് പാക്കേജ് വഴി നടപ്പിലാക്കുന്നുണ്ട്. മുഹമ്മ പഞ്ചായത്തിൽ ഒരു മത്സ്യസങ്കേതത്തിന്റെ നിർമ്മാണവും ആരംഭിച്ചിട്ടുണ്ട്.<br>**ഫിർമ മുഖേന നടപ്പാക്കുന്ന പദ്ധതികൾ**<br>കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുളവാഴ നിർമ്മാർജ്ജനവും ഉപയോഗവും എന്ന പദ്ധതി 20/06/2014 വരെ ഫിർമ നടപ്പിലാക്കിയിരുന്നു. "Establishment of Sanctuaries, Restoration, Ranching and recruitment of Giant Freshwater Prawn and Etroplus" എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഉണ്ട്. അഡാക്ക് മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ റയ്സ് വേ ഹാച്ചറിയുടെയും റിയറിംഗ് ടാങ്കുകളുടെയും, ആഫീസ് ബ്ലോക്കുകളുടെയും നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു. 63,147 എണ്ണം കരിമീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചു. മറ്റുള്ളവയുടെ വിശദാംശം അനുബന്ധം (എ) ആയി ചേർക്കുന്നു.

ഫിർമ മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ കുളവാഴ നിർമ്മാർജ്ജന പദ്ധതി പ്രകാരം കുട്ടനാടൻ പൊതുജലാശയങ്ങളിൽ നിന്ന് 2010-11, 2011-12, 2012-13, 2013-14, 2014-15 (20.06.2014 വരെ) വർഷങ്ങളിൽ കുളവാഴ നിർമ്മാർജ്ജനം ചെയ്തു. 174 വെർമി കംപോസ്റ്റ് യൂണിറ്റും, ഒരു ബയോഗ്യാസ് പ്ലാന്റും സ്ഥാപിച്ചു. കുമരകത്തും നിലംപേരൂരിലും മത്സ്യസങ്കേത നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 47,000/- എണ്ണം കരമീനും 62 ലക്ഷം ആറ്റുകൊഞ്ചും വേമ്പനാട് കായലിൽ നിക്ഷേപിച്ചു.

(സി) കുട്ടനാട് പാക്കേജിൽപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

(സി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ അഡാക്ക് മുഖേന നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർക്കുന്നു.

ഫിർമ മുഖേന കുളവാഴ നിർമ്മാർജ്ജനവും ഉപയോഗവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുളവാഴ നീക്കം ചെയ്യൽ, മണ്ണിര കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികളും "Restoration, Ranching and recruitment of Giant Freshwater Prawn and Etroplus" എന്ന പദ്ധതി പ്രകാരം ആറ്റ്കൊഞ്ച് നിക്ഷേപവും നടപ്പിലാക്കിയിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**

## അനുബന്ധം

(എ) **അഡാക്ക് മുഖാന്തിരം നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശം**

| Sl. No | Name of scheme | Allotment (in Lakh) | Total Expenditure (in Lakh) | Physical progress | Harvest details | |
|---|---|---|---|---|---|---|
| | | | | | Species | Weight (Ton) |
| 1 | Fish/prawn in rotation with paddy | 1784.16 | 1420.77 | 8871.7 Ha. | Scampi Fish | 5.6<br>3295<br>(Partial harvest) |
| 2 | Pen culture | 54 | 50.56 | 300 units | Etroplus<br>Tilapia<br>Carp<br>Scampi | 22.2<br>12.5<br>3.21<br>0.110<br>(Partial harvest) |
| 3 | Nursery rearing of seeds | 10 | 10 | 100 units | 2,24,600 no. of Etroplus seeds collected. | |
| 4 | Cage culture of fin fishes | 143 | 73.89 | 12 groups (240 cages) | Etroplus<br>Tilapia | 21.054<br>(Partial harvest) |
| 5 | Ranching in open waters | 94.5 | 94.5 | 4700000 no. of seeds stocked in 17 sites | | |

(ബി) **അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ. അഡാക്ക് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ**

| Sl. No. | Name of scheme | Physical progress (in Ha.) | No. of seeds ( in Lakh) | No. of beneficiaries | Financial progress (in Lakh) | Harvest details (Ton) |
|---|---|---|---|---|---|---|
| 1 | Fish/prawn in rotation with paddy | 521.97 | 35.05 | 1393 | 89.42 | 104.96 |
| 2 | Penculture | 5 unit | 0.06 | | 0.90 | 1.2 |
| 3 | Nursery rearing of seeds | 1 unit | | 1 | 0.10 | 900 no. of Etroplus seeds collected. |

സെക്ഷൻ ആഫീസർ